"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിൽ പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള ബി.ഇ.എം.ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ഷാലിമ ടിന്റുവിന്റെ നിയമനാംഗീകാരം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിരുന്ന പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2927/2026/GEDN** തീയതി,തിരുവനന്തപുരം, 27-04-2026

പരാമർശം:-

1. സ.ഉ. (കൈ) നം. 54/2024/പൊ.വി.വ., തീയതി 01/06/2024.
2. മലബാർ ഡയോസിയൻ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ സർക്കാർ മുൻപാകെ സമർപ്പിച്ച 19/05/2025 തീയതി പുന:പരിശോധന ഹർജി.
3. പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22/08/2025 തീയതിയിലെ AEOPKD/180/2025-B നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/06/2025 തീയതിയിലെ DGE/16774/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പാലക്കാട് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിനു കീഴിൽ ബി.ഇ.എം.ജെ.ബി സ്കൂളിൽ എൽ.പി.എസ്.ടി. തസ്തികയിൽ 08/11/2021 മുതൽ മാനേജർ നിയമിച്ച ശ്രീമതി. ഷാലിമ ടിന്റുവിന്റെ നിയമനാംഗീകാരം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ പരാമർശം (2) പുന:പരിശോധന ഹർജി സർക്കാർ മുൻപാകെ സമർപ്പിച്ചിരുന്നു. ഹർജിയിലെ ആവശ്യം പരിശോധിക്കുന്നതിനായി മാനേജരുടെ പ്രതിനിധിയെയും പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികളെയും 22/08/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. **പുന:പരിശോധന ഹർജിയിലെ വാദം ഇപ്രകാരമായിരുന്നു :**

പാലക്കാട് ബി.ഇ.എം.ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി. ആയ ശ്രീമതി. അമൃത എം., 12.6.2018 മുതൽ 11.6.2023 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ ശ്രീമതി. ഷാലിമ ടിന്റു എന്നിവരെ 08.11.2021 മുതൽ 11.6.2023 വരെ നിയമിച്ചിരുന്നു. പ്രസ്തുത നിയമനം നേരത്തേ പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ചതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമക്ഷം റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/6/24-ലെ ഉത്തരവ് പ്രകാരം എച്ച്2/5594/2022/ഡി.ജി.ഇ തീയതി 1.10.2022

സർക്കുലറിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാൻ പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ നിയമന പ്രൊപ്പോസൽ അംഗീകരിക്കാനായി 28.06.2024-ൽ പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ആഫീസർക്ക് അപേക്ഷ പുന:സമർപ്പിച്ചിരുന്നു. എന്നാൽ പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02/12/2024-ലെ ഉത്തരവ് പ്രകാരം ഒരു അക്കാഡമിക് വർഷത്തിൽ കൂടുതൽ വരുന്ന അവധി ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നു പരാമർശിച്ചുകൊണ്ട് വീണ്ടും നിയമനം നിരസിക്കുകയാണ് ഉണ്ടായത്. ഇക്കാര്യത്തിൽ താഴെ പറയുന്ന വസ്തുതകൾ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

1. ശ്രീമതി. ഷാലിമ ടിന്റുവിന്റെ നിയമനം ഡി.ജി.ഇ യുടെ 1.10.2022 തീയതിയിലെ എച്ച്2/5594/2022 കത്ത് പ്രകാരം അംഗീകരിക്കാൻ ബി1/240493/2023 നമ്പർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായതാണ്.
2. പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ആഫീസർ പരാമർശിച്ച സർക്കാർ ഉത്തരവ് നമ്പർ (പി)199/2016/പൊ.വി.വ തീയതി 3.12.2016 പ്രകാരമുള്ള ഉത്തരവിലെ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥക്കെതിരെ മാനേജർമാർ ഫയൽ ചെയ്ത പെറ്റീഷനുകളിൽ ഇതുവരെ വിധി പ്രസ്താവം വന്നിട്ടില്ല. കൂടാതെ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നത് ബഹു. സുപ്രീംകോടതിയുടെ വിധിക്ക് വിധേയമായി നടപ്പാക്കിയാൽ മതിയെന്ന് 6.2.2021 തീയതിയിലെ 4/2021 ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ ഡിക്ലറേഷൻ സമർപ്പിക്കുന്നതാണ്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.2.2021 തീയതിയിലെ എച്ച്2/19500/2019/ഡി.ജി.ഇ സർക്കുലർ പാര 4 പ്രകാരം 2016-17 മുതൽ 2018-19 വരെ അവധി ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് നിയമന തീയതി മുതൽ നോഷണലായും 6.2.2021 മുതൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കാമെന്നും ഉത്തരവായിരുന്നു. മേൽ സർക്കുലറിന്റെ ആനുകൂല്യം 12.6.2018 മുതലുള്ള അവധി ആയതിനാൽ ശ്രീമതി.ഷാലിമ ടിന്റുവിന്റെ 8.11.2021 മുതൽ 11.6.2023 വരെയുള്ള നിയമനത്തിനും ബാധകമാക്കണമെന്ന് അപേക്ഷിക്കുന്നു.

മേൽ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.6.2024 തീയതിയിലെ ജി1/240493/2023 നമ്പർ ഉത്തരവ് പുന:സ്ഥാപിക്കാനും അപ്രകാരം ശ്രീമതി. ഷാലിമ ടിന്റുവിന്റെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകാൻ പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ആഫീസർക്ക് വീണ്ടും നിർദ്ദേശം നൽകണമെന്നും അപേക്ഷിക്കുന്നു.

### 3. പൊതു വിദ്യാഭ്യാസ വകുപ്പ് അധികാരികളുടെ സമാനമായ വാദം ഇപ്രകാരമാണ്:

പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പാലക്കാട് ബി.ഇ.എം.ജെ.ബി. സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി. അമൃത എം. 12.6.2018 മുതൽ 11.6.2023 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചത് മൂലമുണ്ടായ ഒഴിവിൽ 8.11.2021 മുതൽ 11.6.2023 വരെയുള്ള കാലയളവിലേക്ക് ശ്രീമതി. ഷാലിമ ടിന്റുവിനെ ദിവസവേതനാടിസ്ഥാനത്തിൽ എൽ.പി.എസ്.ടി തസ്തികയിൽ മാനേജർ നിയമിച്ചു. ടി നിയമനം ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 20.11.2022-ലെ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

1. അപേക്ഷ സമർപ്പിക്കുന്നതിന് 3 ദിവസത്തെ കാലതാമസം നേരിട്ടതായി കാണുന്നു.

2. Antecedent സർട്ടിഫിക്കറ്റിലും മറ്റു രേഖകളിലും മേൽവിലാസം വ്യത്യാസം കാണുന്നു.
3. സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. പ്രസ്തുത വ്യവസ്ഥ മാനേജർ പാലിച്ചു കാണുന്നില്ല.
4. അവധി ഒഴിവിൽ 2019-20 വർഷം 11.6.2019 മുതൽ 31.3.2020 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയ ശ്രീമതി.ഷൈനി വിൻസെന്റിന്റെ നിയമനം ക്രമപ്രകാരമല്ല എന്ന കാരണത്താൽ തടസ്സവാദം ഇപ്പോഴും നിലനിൽക്കുന്നു.
5. 2021-22 വർഷം ഇതേ ഒഴിവിൽ ശ്രീമതി.കെ.ഷാലിമ ടിന്റുവിനെ മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനം മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന് വിധേയമായി നിരസിക്കുകയും ചെയ്തിട്ടുണ്ട്.

മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ അപ്പീൽ കെ.ഇ.ആർ ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും ഉപജില്ല വിദ്യാഭ്യാസ ആഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7(1) മുതൽ 7(4) വരെയുള്ളവ പ്രകാരമോ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലേക്ക് നിയമനത്തിനായി മാനേജർമാർ നിയമാനുസൃതം സംരക്ഷിത അദ്ധ്യാപകരെ ആവശ്യപ്പെടുകയും ജില്ല തലത്തിൽ അവരെ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംരക്ഷിത അദ്ധ്യാപകരെ ലഭ്യമാകുന്നത് വരെ പ്രസ്തുത സ്കൂളുകളിലെ അത്തരം ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം.H2/5594/DGE തീയതി 1.10.2022 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് എന്നതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ടി നിർദ്ദേശം പരിശോധിച്ച് ആയതിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം സംബന്ധിച്ച് തീരുമാനം എടുക്കുവാൻ പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി സ്കൂൾ മാനേജരുടെ റിവിഷൻ അപ്പീൽ തീർപ്പാക്കിയിരുന്നു.

എന്നാൽ ടി നിയമനവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 7.4.2025 തീയതിയിൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധികളുമായി ഓൺലൈൻ മുഖാന്തിരം ഒരു കൂടിക്കാഴ്ച നടത്തുകയും വിഷയം പുനഃപരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയുടെ നിയമനം 12.6.2018 മുതൽ 11.6.2023 വരെയുള്ള കാലയളവിലെ അവധി ഒഴിവിലെ നിയമനമാണ് എന്നതിനാൽ സംരക്ഷിത അദ്ധ്യാപികയെ നിയമിക്കേണ്ട ഒഴിവായിരുന്നു എന്നും ടി സാഹചര്യത്തിൽ പ്രസ്തുത ഹർജി നിരസിച്ച് റിവിഷൻ അപ്പീൽ തീർപ്പാക്കുകയുമുണ്ടായി.

ഹിയറിംഗിനോടനുബന്ധിച്ച് പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 08.11.2021 മുതൽ മേൽ നിയമനം നടത്തി നിയമനം അംഗീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 21.8.2023 തീയതിയിലാണ്. നിയമനം നടത്തി 15 ദിവസത്തിനകമാണ് സമന്വയ മുഖേന അപേക്ഷ സമർപ്പിക്കേണ്ടത്. കാലവിളംബം മാപ്പാക്കിയ ഉത്തരവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ദിവസവേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി മാനേജർ ലഭ്യമാക്കിയിട്ടില്ല. ഇവ രണ്ടും ഇല്ലാതെ നിയമനം പരിഗണിക്കാൻ നിർവ്വാഹമില്ല. ശ്രീമതി. ഷാലിമ ടിന്റു 8.11.2021 മുതൽ

31.3.2023 വരെ സ്കൂളിൽ ജോലി ചെയ്തിട്ടുണ്ട് എന്ന് ഇപ്പോഴത്തെ പ്രധാനാദ്ധ്യാപിക അറിയിച്ചു എന്നും ഇപ്പോൾ ഇവർ ഈ ഉപജില്ലയിലെ തന്നെ മറ്റൊരു സ്കൂളായ ബി.ഇ.എം.എൽ.പി.എസ്-ൽ ജോലി ചെയ്യുന്നുണ്ട് എന്നും നിയമനാംഗീകാരം ലഭിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.02.2021 തീയതിയിലെ എച്ച്2/19500/2019/ഡി.ജി.ഇ സർക്കുലർ ഖണ്ഡിക 4 പ്രകാരം 2016-2017 മുതൽ 2019-20 വരെ അവധി ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് നിയമന തീയതി മുതൽ നോഷണലായും 6.2.2021 മുതൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കാമെന്നും ഉത്തരവായിരുന്നു. ഈ സർക്കുലറിന്റെ ആനുകൂല്യം 12.6.2021 മുതൽ 11.6.2023 വരെയുള്ള നിയമനത്തിനും ബാധകമാക്കണമെന്ന ആവശ്യത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണെന്നും ഹർജിക്കാരിയെ നിയമിക്കുന്നതിന് മുമ്പ് മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീമതി. ഷൈനി വിൻസെന്റ് എന്നവരെ നിയമിച്ചിരുന്നു എന്നും 11.6.2019 മുതൽ 31.3.2020 വരെയുള്ള ഈ നിയമനം AEO യുടെ 23.9.2021-ലെ ബി/19168/2021 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിരുന്നു എന്നും ഒരു അദ്ധ്യയന വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണമെന്നുള്ള വ്യവസ്ഥ പാലിക്കാത്തതിനാൽ നിയമനം ക്രമപ്രകാരമല്ല എന്നുള്ള തടസ്സവാദം പാലക്കാട് ഡി.ഡി.ഇ ഉന്നയിച്ചിരുന്നു എന്നും തുടർന്ന് ഇവർ കൈപ്പറ്റിയ തുകയായ 1,65,215/- രൂപ (ഒരു ലക്ഷത്തി അറുപത്തി അഞ്ചായിരത്തി ഇരുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശ പ്രകാരം തിരിച്ചടച്ചിട്ടുണ്ടെന്നും റിപ്പോർട്ട് സമർപ്പിച്ചു.

**4.** റിവിഷൻ ഹർജിയിലെ ആവശ്യം അപേക്ഷകന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, കെ.ഇ.ആർ ചട്ടങ്ങൾ, നിലവിലുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 03/12/2016-ലെ G.O(P) No 199/16/G.Edn ക്രമനമ്പർ 4 പ്രകാരം ഒരു അക്കാഡമിക് വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ KER Chapter XX1 rule 7(1) മുതൽ 7(4) വരെയുള്ളവ പ്രകാരമോ മറ്റു സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലേക്ക് മാനേജർമാർ നിയമാനുസൃതം സംരക്ഷിതാധ്യാപകരെ ആവശ്യപ്പെടുകയും ജില്ലാതലത്തിൽ അവരെ നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംരക്ഷിതാധ്യാപകരെ ലഭ്യമാകുന്നതു വരെ പ്രസ്തുത ഒഴിവുകളിൽ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതിയോടെ താത്കാലിക നിയമനം നടത്താവുന്നതാണെന്നു 01.10.2022-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്./5594/2022/ഡി.ജി.ഇ നമ്പർ കത്തിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ഇവിടെ ശ്രീമതി. ഷാലിമ ടിന്റുവിന്റെ നിയമനം 08/11/2021 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് പ്രസ്തുത ഒഴിവിൽ സംരക്ഷിതാധ്യാപകനെ ആവശ്യപ്പെട്ട കൊണ്ട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരിഗണനാർഹമല്ല. ആയതിനാൽ 03/12/2016-ലെ G.O(P) No 199/16/G.Edn, 01.10.2022 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്./5594/2022/ഡി.ജി.ഇ നമ്പർ കത്ത് എന്നിവ പ്രകാരം ശ്രീമതി ഷാലിമയുടെ നിയമനം അംഗീകരിക്കുവാൻ കഴിയുകയില്ല. 06/02/2021-ലെ G.O(P) No 4/2021/G.Edn നമ്പർ ഉത്തരവിനെ തുടർന്ന് പുറപ്പെടുവിച്ച 26/02/2021-ലെ H2/19500/19/DGE സർകുലാർ പ്രകാരം 2016-17 മുതൽ 2019-20 വരെ അവധി ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്കു നിയമനത്തിയതി മുതൽ നോഷണലായും 06/02/2021 മുതൽ ശമ്പളാനുകൂല്യത്തോടെയും നിയമനാഗീകാരം നൽകാവുന്നതാണെന്നു നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ, ശ്രീമതി. ഷാലിമയെ നിയമിച്ചത് ഒരു

അക്കാഡമിക് വർഷത്തിൽ അധികമുള്ള ശൂന്യവേതനാവധി ഒഴിവിൽ ആകയാൽ പ്രസ്തുത ഒഴിവിൽ സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിനായി മാനേജർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്കു അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി സർക്കുലറിന്റെ ആനുകൂല്യം ടിയാൾക്കു ലഭ്യമാക്കുവാൻ കഴിയുകയില്ല. കൂടാതെ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നത് ബഹു. സുപ്രീംകോടതിയുടെ വിധിക്ക് വിധേയമായി നടപ്പാക്കിയാൽ മതിയെന്ന് 06.02.2021 തീയതിയിലെ 4/2021/G.Edn ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിരിക്കുന്നത് 2016-17 മുതൽ 2019-20 വരെ മാനേജർമാർ നടത്തിയ അധികതസ്തികയിലെ നിയമനങ്ങൾക്കാണ് ബാധകമെന്നതിനാൽ ഹർജിക്കാരന്റെ ഇത് സംബന്ധിച്ച വാദവും നിലനിൽക്കുന്നതല്ല.

ഒരു അക്കാദമിക വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ, ചട്ടം അവകാശികൾക്ക് വിധേയമായി, സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്നാണ് KER Chapter XXI ചട്ടം 7(4) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലേക്ക് മാനേജർമാർ നിയമാനുസൃതം സംരക്ഷിതാധ്യാപകരെ ആവശ്യപ്പെടുകയും എന്നാൽ അത്തരത്തിൽ സംരക്ഷിതാധ്യാപകരെ നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സംരക്ഷിതാധ്യാപകരെ ലഭ്യമാകുന്നതുവരെ, പ്രസ്തുത ഒഴിവുകളിൽ, വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതിയോടെ താത്കാലിക നിയമനം നടത്താവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതി തേടാതെ തന്നെ, ചട്ടം ലംഘിച്ച്, മാനേജർ നേരിട്ട് നിയമനം നടത്തിയിരിക്കുകയാണ്.

5. മേൽ സാഹചര്യത്തിൽ, പാലക്കാട് ബി.ഇ.എം.ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി. ആയ ശ്രീമതി. അമൃത എം. 12/06/2018 മുതൽ 11/06/2023 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ 08/11/2021 മുതൽ 11/06/2023 വരെയുള്ള ശ്രീമതി. ഷാലിമ ടിന്റുവിന്റെ നിയമനം, KER Chapter XXI ചട്ടം 7(4) പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികയിൽ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതി തേടാതെ, ചട്ടം ലംഘിച്ച്, മാനേജർ നേരിട്ട് നടത്തിയിരിക്കുന്ന നിയമനമായതിനാൽ, ശ്രീമതി. ഷാലിമ ടിന്റുവിന്റെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകാൻ പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യം നിരസിച്ച് കൊണ്ട് അപ്രകാരം മലബാർ ഡയോസിയൻ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജറുടെ പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് - 678 001.
കോർപ്പറേറ്റ് മാനേജർ, സി.എസ്.ഐ. ഡയോസിയൻ എഡ്യൂക്കേഷണൽ സൊസൈറ്റി (മലബാർ & വയനാട്), ബാങ്ക് റോഡ്, കോഴിക്കോട് - 673 001.
ശ്രീമതി. ഷാലിമ ടിന്റു, എൽ.പി.എസ്.ടി., ബി.ഇ.എം.എൽ.പി.എസ്., പാലക്കാട് - 678 012.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA1/16/2026-G.EDN dt. 09/03/2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/152/2025-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 28-04-2026 12:05:22
സെക്ഷൻ ഓഫീസർ